പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2714 **28-10-2026-ൽ മറുപടിയ്ക്ക്**

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് വേണമെന്ന ആവശ്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് വേണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിനെതിരെ തമിഴ്നാട് നിലപാട് സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട OS 3/2006 നമ്പർ കേസിലെ 07.05.2014 ലെ വിധി ന്യായത്തിൽ, ബഹു: സുപ്രീം കോടതി കേരളത്തിന് പുതിയ ഡാം എന്ന ആവശ്യം പരിഗണിക്കവേ, "എംപവേർഡ് കമ്മിറ്റി റിപ്പോർട്ട് ശരിവയ്ക്കുകയും, കേരളത്തിന് തമിഴ്നാടുമായി സഹകരിച്ച് പുതിയ ഡാം പണിയാമെന്നും, ആയതിനായി ഇരു സംസ്ഥാനങ്ങളുടേയും ആവശ്യങ്ങൾ പരിഗണിക്കുന്നതിനായി സംസ്ഥാനങ്ങൾ തമ്മിൽ മുൻകൂറായി ധാരണയിൽ എത്തേണ്ടതാണെന്നും, കേരളത്തിന്റെ ആവശ്യം തമിഴ്നാടിനെ അടിച്ചേൽപ്പിക്കാനാവില്ലെന്നും" ഉത്തരവായിട്ടുള്ളതാണ് .

കേന്ദ്ര ജലശക്തി മന്ത്രാലയത്തിന് കീഴിൽ, NDSA ചെയർമാന്റെ അധ്യക്ഷതയിലുള്ള, കേന്ദ്ര സർക്കാരിന്റെയും, കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികൾ ഉൾപ്പെട്ട, പുനഃസംഘടിപ്പിച്ച മേൽനോട്ട സമിതിയുടെ (Supervisory Committee of Mullaperiyar Dam) 09.06.2025 ന ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിൽ, സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷ മുൻനിർത്തി കേരളത്തിന് മുല്ലപ്പെരിയാറിൽ പുതിയ ഡാം വേണമെന്ന ആവശ്യം ഉന്നയിക്കുകയുണ്ടായി.

എന്നാൽ തമിഴ്നാട് സർക്കാർ പ്രസ്തുത യോഗത്തിൽ നിലവിലുള്ള അണക്കെട്ട് സുരക്ഷിതമായതിനാൽ പുതിയൊരു അണക്കെട്ടിന്റെ ആവശ്യമില്ലെന്ന് വ്യക്തമാക്കി. കൂടാതെ, 07.05.2014-ലെ ബഹു. സുപ്രീം കോടതി വിധിയുടെ ഇഷ്യൂ നമ്പർ 9, ഖണ്ഡിക 220 പരാമർശിച്ചുകൊണ്ട്, പുതിയ അണക്കെട്ട് എന്ന നിർദ്ദേശം തമിഴ്നാടിന്റെ മേൽ അടിച്ചേൽപ്പിക്കാൻ കഴിയില്ലെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു.

മാത്രവുമല്ല, മേൽനോട്ട സമിതിയുടെ (Supervisory Committee) ചുമതല എന്നത് "കേരളത്തിന്റെ ആശങ്കകൾ അകറ്റുക, ജലനിരപ്പ് പുനഃസ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിക്കുക, അണക്കെട്ടിന്റെ സുരക്ഷ നിരീക്ഷിക്കുക, എന്നിവയോടൊപ്പം ഇതിനുതകുന്നതും തമിഴ്നാട് നടപ്പിലാക്കേണ്ടതുമായ ആവശ്യനടപടികൾ നിർദ്ദേശിക്കുക മാത്രമാണെന്നും," ഉള്ള നിലപാട് തമിഴ്നാട് സ്വീകരിക്കുകയുണ്ടായി.

(ബി) പ്രസ്തുത വിഷയം ചെന്നൈയിൽ ഈയിടെ നടന്ന ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാരുടെ യോഗത്തിൽ കേരളം ഉന്നയിച്ചിരുന്നോ വ്യക്തമാക്കാമോ;

<u>മറുപടി:</u> മുഖ്യമന്ത്രി തന്റെ പ്രസംഗത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിഷയം ഉന്നയിച്ചു. "തമിഴ്നാടിന് വെള്ളം, കേരളത്തിന് സുരക്ഷ" എന്ന അടിസ്ഥാന സമീപനത്തിന് ഊന്നൽ നൽകിക്കൊണ്ട് മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം വ്യക്തമാക്കി .

(സി) അടിക്കടിയുണ്ടാകുന്ന പ്രളയത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും സാഹചര്യം കണക്കിലെടുത്ത് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> 2021-ൽ നിലവിൽ വന്ന ഡാം സേഫ്റ്റി ആക്ടിലെ സെക്ഷൻ 38 പ്രകാരം, "ഇന്ത്യയിലെ സ്പെസിഫൈഡ് ഡാമുകളുടെ സുരക്ഷാ പരിശോധന, ഒരു സ്വതന്ത്ര വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ നടത്തണമെന്നും, അതിൽ ആദ്യത്തെ സുരക്ഷാ പരിശോധന, ആക്ട് നിലവിൽ വന്ന് അഞ്ച് (5) വർഷത്തിനകം പൂർത്തിയാക്കണമെന്നും" നിർദ്ദേശിച്ചിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ, ദേശീയ അണക്കെട്ട് സുരക്ഷാ അതോറിറ്റി (NDSA) ചെയർമാന്റെ അധ്യക്ഷതയിലുള്ള നിലവിലെ മേൽനോട്ട സമിതി (Supervisory Committee of Mullaperiyar Dam), അണക്കെട്ടിന്റെ സമഗ്ര സുരക്ഷ (Comprehensive Dam Safety Evaluation-CDSE) വിലയിരുത്താൻ നിർദ്ദേശിക്കുകയും, ഡാം സേഫ്റ്റി, ഡിസൈൻ, ജിയോളജിസ്റ്റ്, ഹൈഡ്രോളജിസ്റ്റ്, ഇൻസ്ട്രുമെന്റേഷൻ, സീസ്മിക് മുതലായ വിദഗ്ധർ ഉൾപ്പെട്ട സ്വതന്ത്ര വിദഗ്ധ സമിതി മുല്ലപ്പെരിയാർ ഡാമിൽ ഒരു ദിവസം (01.09.2026) നീണ്ടുനിന്ന സുരക്ഷാ പരിശോധന പൂർത്തിയാക്കുകയും, 02.09.2026 ന് നടന്ന ഒന്നാം ഘട്ട യോഗത്തിൽ വിദഗ്ധർ ഉൾപ്പെട്ട Independent Panel of Experts for CDSE മുൻപാകെ, കേരളത്തിലെ പ്രതിനിധികൾ അണക്കെട്ടുമായി ബന്ധപ്പെട്ട വിവിധ ആശങ്കകൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ